## പൊതുവായി എല്ലാ തൊഴിലാളികൾക്കും നല്കിയ അലവൻസുകൾ അടിസ്ഥാന വേതനത്തിന്റെ ഭാഗം

### മദ്ധ്യപ്രദേശ് ഹൈക്കോടതി

W.P. No. 14287/2010 Dt. 18.3.2020

കെയർവെൽ സെക്യൂരിറ്റി സർവീസസ് പ്രൈവറ്റ് ലിമിറ്റഡ്
x
എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്
ഓർഗനൈസേഷൻ

വിവിധ സ്ഥാപനങ്ങളിലേക്ക് സുരക്ഷാ ഭടന്മാരെ പ്രദാനം ചെയ്യുന്ന ബിസിനസ്സാണ് കമ്പനി ചെയ്യുന്നത്. കമ്പനിക്ക് ഇ.പി.എഫ്. നിയമം ബാധകമാണ്. അവിടത്തെ തൊഴിലാളികൾക്ക് നല്കുന്ന വേതനം അടിസ്ഥാന ശമ്പളവും വിവിധ അലവൻസുകളും ചേർന്നതാണ്. എല്ലാ തൊഴിലാളികൾക്കും ഒരേ തരത്തിലുള്ള അലവൻസുകളാണ് നല്കുന്നത്. എന്നാൽ ആർക്കും ക്ഷാമബത്ത നല്കുന്നില്ല. അടിസ്ഥാന ശമ്പളത്തേക്കാൾ കൂടിയ തുകയാണ് അലവൻസുക ളായി നല്കുന്നത്. തൊഴിലാളികൾക്ക് നല്കിയ അടിസ്ഥാന വേതനത്തിനനുസരിച്ചുള്ള ഇ.പി. എഫ്. വിഹിതമാണ് കമ്പനി അടച്ചുവരുന്നത്. തൊഴിലാളികൾക്ക് അർഹമായ മിനിമം കൂലിയെ ക്കാൾ കുറഞ്ഞ തുകയ്ക്ക് ആനുപാതികമായാണ് കമ്പനി വിഹിതമടയ്ക്കുന്നത് എന്ന് കണ്ടു പിടിച്ച ഇ.പി.എഫ്. കമ്മീഷണർ കമ്പനിയിൽ പരിശോധന നടത്തി. തുടർന്ന് വിഹിതം പുനർനിർണ്ണയിക്കാനുള്ള അന്വേഷണം നടത്തി. തൊഴിലാളികൾക്ക് നല്കുന്ന അലവൻസുക ളടക്കമുള്ള വേതനത്തിനനുസരിച്ചാണ് ഇ.പി.എഫ്. കമ്മീഷണർ വിഹിതം നിർണ്ണയിച്ചത്. ഇതി നെതിരെ കമ്പനി എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്സ് അപ്പലേറ്റ് ട്രൈബ്യൂണൽ മുമ്പാകെ അപ്പീൽ സമർപ്പിച്ചു. കമ്പനിയുടെ വാദങ്ങൾ തള്ളിക്കളഞ്ഞ അപ്പലേറ്റ് ട്രൈബ്യൂണൽ ഇ.പി.എ ഫ്. കമ്മീഷണറുടെ ഉത്തരവ് ശരിവച്ചു. ഇതിനെതിരെ കമ്പനി ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. വിഹിതം നിർണ്ണയിക്കുന്നതിന് അടിസ്ഥാന വേതനം മാത്രമേ കണക്കിലെടുക്കാവൂ എന്നും അലവൻസുകൾ അടിസ്ഥാന വേതനത്തിന്റെ ഭാഗമായി കണക്കാക്കാനാവില്ലെന്നും കമ്പനി വാദിച്ചു. ഇ.പി.എഫ്. ബാധ്യത കുറയ്ക്കുന്നതിനു വേണ്ടി കമ്പനി മനഃപൂർവ്വം അടി സ്ഥാന വേതനം ചെറിയ തുകയും അലവൻസുകൾ വലിയ തുകയുമായി നല്കുകയാണെന്നും അത് ഇ.പി.എഫ്. നിയമത്തിലെ വ്യവസ്ഥകളെ നിഷ്ഫലമാക്കുകയും തൊഴിലാളികളുടെ ആനു കൂല്യം വെട്ടിക്കുറയ്ക്കുകയും ചെയ്യുന്ന നടപടിയാണെന്നും ഇ.പി.എഫ്. കമ്മീഷണർ വാദി ച്ചു. കൂടാതെ, കമ്പനി എല്ലാ തൊഴിലാളികൾക്കും ഒരേ തരത്തിലുള്ള അലവൻസുകളാണ് നല്കു ന്നതെന്നും ഓരോ തൊഴിലാളിയുടെയും മികവും പ്രാപ്തിയുമനുസരിച്ച് നല്കുന്ന അലവൻസു കളെ മാത്രമേ അടിസ്ഥാന വേതനത്തിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളുവെന്നും ഇ.പി.എഫ്. കമ്മീ ഷണർ വാദിച്ചു. വിവേചനമില്ലാതെ എല്ലാ തൊഴിലാളികൾക്കും ഒരേ തരത്തിൽ നല്കുന്ന അല വൻസുകൾ അടിസ്ഥാന വേതനത്തിന്റെ ഭാഗം തന്നെയാണെന്ന് ഹൈക്കോടതി വിലയിരുത്തി. അലവൻസുകൾ അടക്കമുള്ള വേതനത്തിനനുസരിച്ച് ഇ.പി.എഫ്. വിഹിതം നിർണ്ണയിച്ചതിൽ തെറ്റില്ലെന്ന് ചൂണ്ടിക്കാട്ടിയ ഹൈക്കോടതി എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്സ് അപ്പലേറ്റ് ട്രൈബ്യൂണലിന്റെയും ഇ.പി.എഫ്. കമ്മീഷണറുടെയും ഉത്തരവുകൾ ശരിവയ്ക്കുകയും കമ്പ നിയുടെ അപ്പീൽ തള്ളിക്കളയുകയും ചെയ്തു.